# Weekly Devotion - February 2019

## Worship of Seraphs

## ( ആരാധിക്കുന്ന സാറാഫുകൾ)




ഫ്രഞ്ചുചിന്തകനായിരുന്ന വോൾട്ടയർ ഒരു രസികനും അപ്പോൾ തന്നെ പരിഹാസിയുമായിരുന്നു. ഒരിക്കൽ ഫ്രഡറിക്ക് ചക്രവർത്തിയുടെ രാജസദസ്സിലിരുന്ന വോൾട്ടയർ ഇപ്രകാരം പറഞ്ഞു "സ്വർഗ്ഗത്തിലെ എന്റെ ഇരിപ്പടം വിൽക്കുവാൻ ഞാൻ തീരുമാനിച്ചു". എന്ന് നിരീശ്വരവാദിയായ ഇദ്ദേഹത്തിന്റെ വാക്കുകൾ കേട്ടുകൊണ്ടിരുന്ന ഭക്തനായ ഒരു കഥാകൃത്ത് ഇപ്രകാരം പറഞ്ഞു സാർ നാം ഇപ്പോൾ ആയിരിക്കുന്ന ദേശത്ത് ഏതു സാധനവും വിൽക്കണമെങ്കിൽ അതിന്മേലുള്ള ഉടമസ്ഥാവകാശം തെളിയിച്ചിരിക്കണം എന്നാണ് നിയമം. താങ്കളുടെ സ്വർഗ്ഗീയ ഇരിപ്പിടത്തിന്മേലുള്ള അവകാശം ഉറപ്പാണെന്ന് തെളിയിച്ചാൽ വാങ്ങുവാൻ ഞാൻ തയാറാണ് വോൾട്ടയർക്ക് മറുപടി പറയുവാൻ വാക്കുകൾ ഇല്ലാതെപോയി.

സ്വർഗ്ഗീയ ഇരിപ്പിടം ലഭിക്കണമെന്നാഗ്രഹിക്കുന്നവർ ഒന്നാമതായി സ്വർഗ്ഗീയ പിതാവിന്റെ മഹത്വം മനസ്സിലാക്കണം. എന്നാൽ മാത്രമേ നാം ചെയ്ത തെറ്റിന്റെ ആഴം ഗ്രഹിക്കുവാനും തെറ്റ് തിരുത്തുവാനുള്ള ആഗ്രഹവും ഉണ്ടാകുകയുള്ളൂ. ഉദാഹരണമായി തന്നെ സ്നേഹിച്ചു വളർത്തിയ അപ്പനെ മറന്ന് സ്വത്ത് ചോദിച്ചു വാങ്ങിയ മകനെ നോക്കാം. എല്ലാം നഷ്ടമായപ്പോഴാണ് അപ്പന്റെ ഭവനത്തെപ്പറ്റിയുള്ള ചിന്ത വന്നത് (ലൂക്കോ :15:17). അപ്പോൾ മാത്രമാണ് സുബോധം ഉണ്ടാകുകയും ആയിരിക്കുന്നിടത്തു നിന്നും എഴുന്നേല്ക്കണം എന്ന ചിന്തയും ഉണ്ടായത്.

രണ്ടാമതായി സ്വന്തം അശുദ്ധിയെ മനസ്സിലാക്കിയവൻ വിശുദ്ധിക്കായി ആഗ്രഹിക്കണം ലൂക്കോ:(15:18) അപ്പന്റെ അടുക്കൽ ചെന്ന് പാപം ചെയ്തു എന്ന് ഏറ്റുപറയുവാൻ ആഗ്രഹിക്കുന്ന മകനെ  നോക്കുക. വേലക്കാരിൽ ഒരുവനെപ്പോലെ കരുതേണമേ എന്ന ആവശ്യം അവൻ പറയുവാൻ പിതാവ് അനുവദിച്ചില്ല എന്ന് ലൂക്കോ:(15:19) ൽ നിന്നും മനസ്സിലാക്കാം.

മൂന്നാമതായി വിശുദ്ധി ആഗ്രഹിച്ച് മടങ്ങി വരുന്ന മക്കൾക്ക് ആ പദവിക്കനുസരിച്ച സ്വീകരണം നൽകുന്നവനാണ് സ്വർഗ്ഗീയ പിതാവ്. മടങ്ങിവന്ന മകന് സ്നേഹനിധിയായ അപ്പൻ നൽകിയത് ലൂക്കോ: 15:20-24 വരെയുള്ള ഭാഗത്ത് നോക്കുക മടങ്ങി വന്ന മകനായി പിതാവ് കരുതിയ അങ്കി, പഴയനാറ്റമുള്ള വസ്ത്രം മാറ്റി, കുളിപ്പിച്ച ശേഷം നൽകുവാൻ വേലക്കാരോട് ആവശ്യപ്പെട്ടു. പിതാവുമായുള്ള പുതിയ ഉടമ്പടിയുടെ മോതിരവും, അശുദ്ധിയിൽ നിന്ന് ശുദ്ധിയിലേക്ക് വന്നതിന്റെ അടയാളമായി കാലിന് ചെരുപ്പും നൽകി. (അടിമകൾ ചെരുപ്പുകൾ ഉപയോഗിച്ചിരുന്നില്ല) തുടർന്ന് മൃഷ്ടാന്നഭോജനവും, നൃത്തവും വാദ്യഘോഷവും കൊണ്ട് വീട് ആനന്ദിച്ചു. ഭൂമിയിൽ ആത്മനിറമുള്ളവരായി ആരാധിക്കുന്നവർക്ക് സ്വർഗ്ഗീയ ആരാധനയിലും പങ്കാളികളാകാം. ഇത് ദൈവമക്കളുടെ അവകാശമാണ്.

യെശ: (6:5)ൽ താൻ ശുദ്ധിയില്ലാത്ത മനുഷ്യനായി ശുദ്ധിയില്ലാത്തവരുടെ നടുവിൽ പാർക്കുന്നു എന്ന സുബോധം വരുവാൻ കാരണമായത് ഉസ്സിയാ രാജാവ് മരിച്ച ശേഷം അദ്ദേഹം കണ്ട ദർശനമാണ്. ദർശനത്തിൽ വിശ്രമമില്ലാതെ ദൈവമഹത്വം വർണ്ണിയ്ക്കുന്ന സാറാഫുകളുടെ അത്യുച്ചത്തിലുള്ള സ്തുതിയുടെ ശബ്ദം കർത്താവിന്റെ സിംഹാസനത്തിന്റെ ചുറ്റും നിന്ന് കേൾക്കുകയും കാണുകയും ചെയ്തു.

സാറാഫ് എന്ന വാക്കിന്റെ എബ്രായ അർത്ഥം സ്നേഹം എന്നാണ്. കൂടാതെ എരിയുന്നവർ എന്ന ആശയമുണ്ട്. ദൈവമഹത്വത്തിന്റെ കാവൽക്കാരായ ദൂതസഞ്ചയത്തിലെ ഒരു വിഭാഗമാണ് സാറാഫുകൾ. ദൈവമഹത്വത്തിന്റെ വാഹികളായ സാറാഫുകൾക്ക് ഓരോന്നിനും ആറാറു ചിറകുകൾ വീതമുണ്ട്. രണ്ടുകൊണ്ട് അവർ പാദം മൂടിയത് പരിശുദ്ധനായ കർത്താവിന്റെ വിശുദ്ധിയ്ക്കു മുൻപിൽ നില്പാൻ നാം യോഗ്യരല്ല എന്നുള്ള ആരാധനാ മനോഭാവം വെളിവാക്കുന്നു. രണ്ട് ചിറകുകൾ കൊണ്ട് മുഖം മൂടിയത് അഗ്നി ജ്വാലയ്ക്കൊത്ത കണ്ണോടുകൂടിയവന്റെ മഹത്വമാർന്ന മുഖത്ത് നോക്കുവാനുള്ള ഭയം ഉളവാക്കുന്നു. സിംഹാസനസ്ഥനായ കർത്താവിന്റെ വസ്ത്രത്തിന്റെ വിളമ്പുകൾ ദേവാലയത്തിന്റെ അതിവിശുദ്ധ സ്ഥലം മൂടത്തക്കവണ്ണം വിസ്തൃതമുള്ളതായിരുന്നു. രണ്ട് ചിറകുകൊണ്ട് പറന്നത് ദൈവകല്പന നടത്തുവാനുള്ള വ്യഗ്രതയെ കാണിക്കുന്നു. സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ എന്ന് മൂന്നു പ്രാവശ്യം ഉച്ചത്തിൽ പാടിയത് മഹത്വവാനായ ത്രിയേക ദൈവത്തിന്റെ അഥവാ ത്രിത്വത്തിന്റെ വിശുദ്ധിയെ കാണിക്കുന്നു.

സ്തുതിയുടെ അത്യുച്ചനാദം മൂലം ഉമ്മറപ്പടികളുടെ അടിസ്ഥാനങ്ങൾ കുലുങ്ങി ആലയം പുകകൊണ്ട് നിറയുകയും ചെയ്തു. ധൂപപിഠത്തിലെ പുകയാണ് ദേവാലയത്തിൽ നിറഞ്ഞത്. ദൈവാലയത്തിൽ കൂടുന്ന സ്വന്ത ജനത്തിന്റെ സ്തുതിയും സ്തോത്രവും ബഹുമാനവും ഉയരുമ്പോഴുള്ള അനന്തരഫലമാണ് ദേവാലയത്തിലെ പുക. അതുകൊണ്ട് ദൈവസഭയാകുന്ന ആലയവും, വിശ്വസികളുടെ ഹൃദയമാകുന്ന ആലയവും, ദൈവമഹത്വം കൊണ്ട് നിറഞ്ഞിരിക്കണം. അപ്പോൾ അവിടെ ദൈവമഹത്വം അല്ലാതെ ഒന്നും കാണുകയില്ല. ഇവരുടെ നടുവിൽ ദൈവം

ഉണ്ടെന്നു ലോകം മനസ്സിലാക്കുകയും വിളിച്ചു പറയുകയും ചെയ്യും. നമ്മുടെ ആരാധനകൾ അപ്രകാരമാകട്ടെ.

ഈ കാഴ്ചകളും ആരാധനാ സ്വരവും കേട്ട് അശുദ്ധൻ എന്ന് പറഞ്ഞ യെശയ്യാവിന്റെ അധരത്തിൽ യാഗപീഠത്തിലെ കനൽ എടുത്ത് ദൂതൻ തൊട്ട് അശുദ്ധി മാറ്റിയപ്പോഴാണ് കർത്താവ് ചോദിച്ച ചോദ്യം യെശയ്യാവ് കേട്ടത്, തുടർന്ന് ഏല്പിച്ച ദൗത്യം ലഭിപ്പാനും ഇടയായി. പ്രിയ കുഞ്ഞുങ്ങളെ പാപബോധം വന്ന് ശുദ്ധീകരണം പ്രാപിച്ച് നിലനിൽക്കണമെങ്കിൽ വർജ്ജിക്കേണ്ടതെല്ലാം വർജ്ജിച്ചിരിക്കണം. ലോകമനുഷ്യനെ നോക്കി ജീവിച്ചാൽ ദൈവശബ്ദം നഷ്ടപ്പെടും. അതിനാൽ ആരാധിച്ച് ദൈവമഹത്വത്തിൽ ജീവിപ്പാൻ ദൈവം കൃപചെയ്യട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind